പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | | | |
|---|---|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 347 | | 14.10.2011ൽ മറുപടിയ്ക്ക് | |
| വിധവാ പുനർവിവാഹത്തിന് ധനസഹായം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. കെ. അജിത്<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. കെ. രാജു<br>ശ്രീമതി ഗീതാ ഗോപി | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 50 വയസ്സിൽ താഴെ എത്ര വിധവകൾ ഉണ്ടെന്ന് സാമൂഹ്യക്ഷേമ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് 50 വയസ്സിൽ താഴെയുള്ള വിധവകളുടെ എണ്ണം സാമൂഹ്യക്ഷേമ വകുപ്പ് കണക്കാക്കിയിട്ടില്ല. |
| (ബി) | വിധവകൾക്ക് സർക്കാരിൽ നിന്ന് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നല്കിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വിധവകൾക്ക് സർക്കാരിൽ നിന്നും ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി നല്കിവരുന്നുണ്ട്.<br>• വിധവാവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുനർവിവാഹിതരാകുന്നവർക്ക് 25,000 രൂപ വീതം പുനരധിവാസത്തിന് ധനസഹായം നൽകുന്ന 'മംഗല്യപദ്ധതി' നടപ്പാക്കുന്നുണ്ട്.<br>• പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമായി 10,000 രൂപ വീതം |

| | | | |
|---|---|---|---|
| | | | അനുവദിച്ചു വരുന്നുണ്ട്.<br>• വിധവകൾക്ക് 300 രൂപ പ്രതിമാസ പെൻഷൻ നൽകിവരുന്നു.<br>• വനിതകൾ ഗൃഹനാഥയായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായവും നൽകിവരുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വിധവകളുടെ പുനർ വിവാഹത്തിനുള്ള ധനസഹായത്തിനായി എത്ര പേർ അപേക്ഷ നൽകി എന്നും എത്ര പേർക്ക് ധനസഹായം നൽകി എന്നും വ്യക്തമാക്കാമോ; | (സി) | മുൻ സർക്കാരിന്റെ കാലത്ത് വിധവകളുടെ പുനർവിവാഹ ധനസഹായത്തിനായി 574 പേർ അപേക്ഷിച്ചു. ഇതിൽ 407 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (ഡി) | ബി.പി.എൽ കുടുംബങ്ങളിലെ വിധവകളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ബി.പി.എൽ കുടുംബങ്ങളിലെ വിധവകളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്നുണ്ട്. പത്താം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി 2,500/- രൂപയും ഡിഗ്രിതലം മുതൽ ഉയർന്ന തലത്തിലേക്കായി 5,000/- രൂപയുമാണ് പ്രതിവർഷം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ